**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3376 08.11.2019-ലെ മറുപടിയ്ക്ക്**

**<u>തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം</u>**

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി** |
| (എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വകുപ്പുകളെ ഏകോപിപ്പിച്ച് പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ കരട് ചട്ടം തയ്യാറാക്കിയിട്ടുണ്ടോ; കരട് ചട്ടത്തിൽ കണ്ടെത്തിയ അപാകതകൾ വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. വകുപ്പ് തലവന്മാരുടെ നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടത്തിൽ അപാകതകളുണ്ടോയെന്നുള്ള വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |
| (ബി) നഗരകാര്യവകുപ്പും പഞ്ചായത്ത്-ഗ്രാമ വികസന വകുപ്പുകളും എൽ.എസ്.ജി.ഡി. എഞ്ചിനീയറിങ് വിഭാഗവും ടൗൺ പ്ലാനിങ് വിഭാഗവും കൂടി ഏകീകരിക്കുക വഴി ജീവനക്കാരുടെ പ്രൊമോഷൻ സീനിയോറിറ്റി വിഷയങ്ങളിൽ നിരവധി തർക്കങ്ങൾ ഉടലെടുക്കുമെന്നിരിക്കെ ഇത് രൂപീകരിക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും എന്തുഗുണമാണ് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ? | (ബി) | പഞ്ചായത്ത്, നഗരകാര്യം, ഗ്രാമ വികസനം, നഗരാസൂത്രണം എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം, മുൻസിപ്പൽ കോമൺ സർവീസ് എന്നീ വിഭാഗങ്ങൾ ഏകീകരിക്കുക വഴി അധികാര വികേന്ദ്രീകരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകരമാകുന്നതാണ്. ഏകീകൃതമായ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭാവം വിവിധ തട്ടുകളിലുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും നഗരസഭകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗമായി നിലവിൽ ഏകോപിത സ്വഭാവത്തിലല്ലാതെ പ്രവർത്തിച്ച് വരുന്ന ഉദ്യോഗസ്ഥ സംവിധാനത്തിന് പ്രാദേശിക വികസന ഭരണത്തിൽ പൊതുവായ കാഴ്ചപ്പാടും കാര്യക്ഷമതയും വളർത്തുന്നതിനും ഏകീകൃത തദ്ദേശ |

സ്വയംഭരണ വകുപ്പിന്റെ രൂപീകരണം അത്യന്താപേക്ഷിതമാണ്. ഫലപ്രദമായ പ്രാദേശിക ഭരണ സംവിധാനം രൂപപ്പെടുത്തേണ്ടതും വികേന്ദ്രീകരണം സുസ്ഥാപിതമാക്കുന്നതിന് അനിവാര്യ മാണ്. തദ്ദേശ സ്വയംഭരണ പൊതു സർവീസ് രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തതിന്റെ യുക്തിയും ഇതു തന്നെയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ അധികാരങ്ങൾ വിനിയോഗിച്ച് നടപ്പിലാക്കുന്ന ഫലപ്രദമായ നടപടികളും തീരുമാനങ്ങളും സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കാനായി ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കാര്യക്ഷമവും ആത്മാർത്ഥവുമായ സേവനം അനിവാര്യമാണ്. നിലവിൽ വിവിധ വകുപ്പുകളിലായി നിലകൊള്ളുന്ന ഉദ്യോഗസ്ഥരിലൂടെയാണ് ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നത്. അവരുടെ സേവന സംബന്ധമായ സ്പെഷ്യൽ റൂളുകളും വ്യത്യസ്തമാണ്. അപ്രകാരമുള്ളവരെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പിന് കീഴിൽ ഒറ്റ സ്പെഷ്യൽ റൂളിനു കീഴിൽ കൊണ്ടു വരുന്നത് വഴി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും.

**സെക്ഷൻ ഓഫീസർ**